പതിമൂന്നാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T583 — 06-03-2012 - ൽ മറുപടിക്ക്

## സംസ്ഥാനത്തെ ഐ.ടി. മേഖലയിലെ വളർച്ച

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എ. അസീസ് : | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാര മേറ്റെടുത്തശേഷം ഐ.ടി. മേഖലയിൽ സംസ്ഥാനത്തുണ്ടായ വികസനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (എ) | ഐ.ടി. മേഖലയിൽ കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിന്റെ ഭാഗമായി പുതിയ ഐ.ടി നയത്തിന്റെ കരട് പ്രസിദ്ധപ്പെടുത്തി. Oracle ടെക്നോപാർക്കിൽ പ്രവർത്തനം തുടങ്ങി. ടെക്നോപാർക്കിന്റെ Phase II, Phase III, കൊല്ലം ടെക്നോപാർക്ക്, ടെക്നോസിറ്റി എന്നിവയുടെ നിർമ്മാണ പുരോഗതി വിലയിരുത്തി എത്രയും വേഗം പൂർത്തിയാക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകി. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടെക്നോപാർക്കിൽ പുതിയതായി 35 കമ്പനികൾ ആരംഭിക്കുകയും നിലവിലുള്ള 13 കമ്പനികൾ അവയുടെ പ്രവർത്തന മേഖല വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതു മൂലം ഏകദേശം 50 കോടി രൂപയുടെ അധിക നിക്ഷേപം ഉണ്ടായിട്ടുണ്ട്. ടെക്നോസിറ്റിയിൽ ഇൻഫോസിസിന്റെ പുതിയ കാമ്പസ് തുടങ്ങുവാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കോഴിക്കോട് സൈബർ പാർക്കിന്റെ ആദ്യ ഘട്ടത്തിൽ 10000 ചതുരശ്ര അടിയിലുള്ള കോമൺഫെസിലിറ്റി സെന്ററിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. രണ്ടുലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി കെട്ടിടത്തിന്റെ ടെണ്ടർ പ്രോസസ്സിന്റെ അവസാന ഘട്ടത്തിലാണ്. കണ്ണൂരും കാസർഗോഡുമുള്ള സൈബർ പാർക്കിന്റെ വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. ഇൻഫോപാർക്ക് കൊച്ചിയിൽ (ഒന്നാംഘട്ടം) **TCS**-ന്റെ പുതിയ ഐ.റ്റി **campus**-ന്റെ നിർമ്മാണം വളരെ വേഗത്തിൽ പുരോഗമിക്കുന്നു. ഇൻഫോ പാർക്ക് കൊച്ചിയുടെ അതുല്യ **complex**-ൽ പ്രമുഖ ഐ.റ്റി. സ്ഥാപനങ്ങളായ **Cognizant Technologies, Ernst & Young,** എന്നിവ പ്രവർത്തനം ആരംഭിച്ചു. ഇൻഫോപാർക്ക് ചേർത്തല പാർക്കിലെ ആദ്യത്തെ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തികരിച്ചു. കേരളത്തിൽ കണ്ണൂരും പാലക്കാടും ദേശീയ ഇ-ഗവേർണൻസ് പദ്ധതിയുടെ ഭാഗമായി ഇ-ഡിസ്ട്രിക്ട് പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. ഇ-ഡിസ്ട്രിക്ട് പദ്ധതി കേരളം മുഴുവൻ വ്യാപിക്കുന്നതിനായി കേന്ദ്ര സർക്കാർ തത്വത്തിൽ |

അനുമതി നൽകിയിട്ടുണ്ട്. പൊതുഭരണ രംഗത്ത് സുതാര്യതയും കാര്യക്ഷമതയും ഉറപ്പു വരുത്തുന്നതിനു വേണ്ടി വിവിധ സർക്കാർ വകുപ്പുകളിൽ ഇ-സംഭരണ സംവിധാനം ദേശീയ ഇ-ഗവേണൻസ് പദ്ധതി പ്രകാരം നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സാങ്കേതിക സഹകരണത്തിൽ ഏർപ്പെടുത്തുന്നു.

(ബി) വികസനത്തിന്റെ ഫലമായി എത്ര പേർക്ക് പുതുതായി ജോലി ലഭിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ടെക്നോപാർക്കിൽ പുതിയതായി ആരംഭിച്ച കമ്പനികൾ, നിലവിലുള്ള കമ്പനികളുടെ വികസനം എന്നിവയിലൂടെ ഏകദേശം 5000 പേർക്ക് പുതിയതായി ജോലി ലഭിച്ചിട്ടുണ്ട്. ആധാർ പദ്ധതി വഴി രണ്ടായിരത്തോളം അഭ്യസ്തവിദ്യർക്കും, 11 ഐ.ടി. പ്രൊഫഷണലുകൾക്കും താൽക്കാലികമായി തൊഴിലവസരം സൃഷ്ടിക്കുവാൻ കഴിഞ്ഞു.

(സി) ഇൻഫോ പാർക്കിൽ മുൻ സർക്കാർ തുടങ്ങിവച്ച രണ്ടാം ഘട്ട വികസന പ്രവർത്തനത്തിന്റെ വിശദാംശം വ്യക്തമാക്കുമോ ?

(സി) ഇൻഫോപാർക്ക് കൊച്ചിയുടെ രണ്ടാംഘട്ടം വികസനം കുന്നത്തുനാട് താലൂക്കിൽ കുന്നത്തുനാട്, പുത്തൻകുരിശ് വില്ലേജിൽപ്പെട്ട 160 ഏക്കർ സ്ഥലത്താണ് നടപ്പിലാക്കുന്നത്. ഇതിൽ ഏകദേശം 125 ഏക്കർ സ്ഥലം അക്വയർ ചെയ്തിട്ടുണ്ട്. ബാക്കിവരുന്ന 35 ഏക്കർ സ്ഥലത്തിന്റെ ഉടമകൾ ബഹു. **Supreme Court** അക്വ്യുസിഷനെതിരായി **SLP File** ചെയ്യുകയും **status quo maintain** ചെയ്യുവാൻ ബഹു. കോടതി ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. 125 ഏക്കർ സ്ഥലത്തിന്റെ മാസ്റ്റർ പ്ലാൻ പ്രമുഖ **Architectural Consultancy** സ്ഥാപനമായ **Cannon Designs** കൊണ്ട് തയ്യാറാക്കി കഴിഞ്ഞു. ഇതിനനുസരിച്ച് **SEZ, Non-SEZ** എന്നീ തരം തിരിവിൽ പ്ലോട്ടുകൾ തീരുമാനിച്ചിട്ടുണ്ട്. ഏകദേശം 31 ഏക്കർ സ്ഥലവും IT Sector Specific SEZ ആയി പ്രഖ്യാപനം നടത്തിയിട്ടുണ്ട്. 67 ഏക്കർ സ്ഥലവും കൂടി സെസ്സ് ആയി അംഗീകരിച്ചിട്ടുണ്ട്. **Notification** ഉടൻ തന്നെ പ്രസിദ്ധീകരിക്കുമെന്ന് കരുതുന്നു. Environment Clearance-ന് MOEF Expert Appraisal Committee recommend ചെയ്ത് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി അയച്ചിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**